(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.റ്റി.വി.എ/ജി.പി-1/686/2015

കേരളാ സംസ്ഥ
ഓഡിറ്റ് വകുപ്പ് സീനിയർഡെപ്യൂട്ടി ഡയറക്ടറുടെ
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.
തീയതി.11.09.2015

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെങ്കൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചെങ്കൽ ഗ്രാമപഞ്ചായത്ത് - 2013-14 സാമ്പത്തിക വർഷത്തിന്റെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളി ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെ ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തികവർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2(1) ഭാഗം 3ലെ 3(2) ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതു ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാന ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ള ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1‌ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോ

ഒപ്പ്

ഡെപ്യൂട്ടി ഡയറ

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി-1/686/2015
തീയതി:11.09.2015

**തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2013-14സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേല്**

**ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2013-14സാമ്പത്തിക വർഷത്തെ ധനകാര്യപത്ര ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-06-2014മുതൽ 19-04-2015വരെ വിവിധ ഇനങ്ങളിലായി നടത്ത പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധി

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തി ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 09 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡ പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാന നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡ അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.മുരളീധരൻ നായർ.എസ്.,ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 20-04-2015മുതൽ 27-04-2015വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : ശ്രീ.അനികുമാർ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.ലക്ഷ്മി.വി എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.അനിൽ കുമാർ.വൈ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ബിജുലാൽ മണി.എസ്.എൽ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ശിവനാഥൻ.എ.ഓഡിറ്റർ

**(ബി)നിർവ്വഹണാധികാരികൾ**

പ്രസിഡന്റ് ശ്രീമതി.സുഗന്ധി 01-04-2013 മുതൽ 31-03-2014 വരെ

സെക്രട്ടറി ശ്രീമതി.കുമാരി സുധ.ജി 01-04-2013മുതൽ 18-08-2013 വരെ

ശ്രീ.എസ്.എസ്.ഗിരി 19-08-2013 മുതൽ 19-12-2013 വരെ

ശ്രീ.ടൈറ്റസ്.ഡി 20-12-2013 മുതൽ 31-03-2014വരെ

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ജോസ് .എച്ച്.ജോൺസ് | 01-04-2013 മുതൽ 31-03-2014 വരെ |
| മെഡിക്കൽ ആഫീസർ(PHC) | ഡോ.ലിജ | 01-04-2013 മുതൽ 31-03-2014 വരെ |
| മെഡിക്കൽആഫീസർ(ഹോമിയോ) | ഡോ.ഷേർളി.സി.രാജ് | 01-04-2013 മുതൽ 31-03-2014 വരെ |
| മെഡിക്കൽആഫീസർ(ആയുർവ്വേദ) | ഡോ.സുശീലാ സ്റ്റീഫൻ | 01-04-2013 മുതൽ 31-03-2014 വരെ |
| കൃഷി ഓഫീസർ | ശ്രീ.ഷൈല കുമാർ | 01-04-2013 മുതൽ 31-03-2014 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.സുശീലാ ബായി.വി | 01-04-2013 മുതൽ 31-03-2014 വരെ |
| വി.ഇ.ഒ. | ശ്രീ.ബാലു | 01-04-2013 മുതൽ 31-03-2014 വരെ |
| വെറ്റിനറി സർജൻ | ശ്രീ.ജിനു കുമാർ | 01-04-2013 മുതൽ 31-03-2014 വരെ |
| ഹെഡ്മിസ്ട്രസ്(LPGS) | ബേബി.റ്റി.ആർ | 01-04-2013 മുതൽ 31-03-2014 വരെ |
| ഹെഡ്മിസ്ട്രസ്(LPBS) | ശ്രീമതി.ഗ്രേസി.വി.ആർ | 01-04-2013 മുതൽ 31-03-2014 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ |
|---|---|---|---|
| 01 | ബജറ്റ് | 1-1 | |
| 02 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 03 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 04 | സാമ്പത്തിക വിശകലനം | 1-4 | |
| 05 | ഫണ്ട് വിനിയോഗം | 1-5 | |
| 06 | പദ്ധതി അവലോകനം | 1-6 | |
| 07 | തനത് വരുമാനം | 1-7 | |

| | | | |
|---|---|---|---|
| 08 | ക്ഷേമപദ്ധതികൾ | 1-8 | |
| 09 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | തൊഴിൽ നികുതി | 2-1 | |
| 13 | ഡി&ഒ ലൈസൻസ് അപാകതകൾ | 2-2 | |
| 14 | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകൾക്ക് ലൈസൻസില്ല | 2-3 | |
| 15 | പരസ്യ നികുതി ഈടാക്കുന്നില്ല. | 2-4 | |
| 16 | മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഈടാക്കുന്നില്ല. | 2-5 | |
| 17 | ലൈസൻസ് ഇല്ലാതെ ആധാരം എഴുത്താഫീസുകൾ പ്രവർത്തിക്കുന്നു. | 2-6 | |
| 18 | വസ്തുനികുതി-കടിശ്ശിക-1216196/- രൂപ | 2-7 | |
| 19 | തനത് ഫണ്ട് പലിശ രഹിത അക്കൗണ്ടിൽ-നഷ്ടം 2.76 ലക്ഷം രൂപ | 2-8 | |
| | ഭാഗം 3 | | |
| 20 | വാല്യുവേഷൻ സർട്ടിഫിക്കറ്റില്ല- 25000/- രൂപ തടസ്സം | 3-1 | |
| 21 | എ.പി.എൽ-ന് സബ്സിഡി | 3-2 | |
| 22 | ഇ.എം.എസ്. ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തിയാക്കുന്നില്ല. | 3-3 | |
| 23 | ചെലവ് രേഖകൾ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു. | 3-4 | |
| 24 | സബ്സിഡി മാർഗ്ഗരേഖ പാലിച്ചില്ല. ചെലവു തുക തടസ്സപ്പെടുന്നന്നു. | 3-5 | |
| 25 | ചെലവുരേഖകൾ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു. | 3-6 | |
| 26 | ജാഗ്രതാ സമിതി അധിക ചെലവ് | 3-7 | |

| | | | |
|---|---|---|---|
| 27 | ഗുണഭോക്തൃ സമിതി കൺവീനർ മുഖേനയുള്ള പൊതുമരാമത്ത് പ്രവർത്തികൾ- മാർഗ്ഗരേഖാവ്യവസ്ഥകൾ പാലിച്ചിട്ടില്ല. | 3-8 | |
| 28 | 1:8 Random Rubble Masonary- ക്ക് അധിക നിരക്ക്- 7995/- രൂപ നിരാകരിക്കുന്നു. | 3-9 | |
| 29 | റിവൈസ്ഡ് എസ്റ്റിമേറ്റ് ഇല്ലാതെ പ്രോജക്ട് നിർവ്വഹണം- ചെലവ് തുക 2,44,774/- രൂപ തടസ്സപ്പെടുത്തുന്നു. | 3-10 | |
| 30 | വനിത വിപണനകേന്ദ്രം- തുടർ പണികൾ നടത്തി പ്രയോജനപ്രദമാക്കണം | 3-11 | |
| 31 | ചെലവ് രേഖകൾ ലഭ്യമല്ല 28,66,392/- രൂപ തടസ്സപ്പെടുത്തുന്നു. | 3-12 | |
| 32 | ഗ്രാമസഭ | 3-13 | |
| ഭാഗം-4 | | | |
| 33 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 34 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 36 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 38 | ഓഡിറ്റ് റിക്കവറി | 4-6 | |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം -1

## പൊതു അവലോകനം

## പൊതു അവലോകനം

### 1-1 ബജറ്റ്

2013-14 വർഷത്തെ ബജറ്റ് 27.03.2013 തിയതിയിലെ 1-)ം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിര ഉൾപ്പെടെ 33,75,89,029/- രൂപ വരവും 33,53,41,500/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. ഇൻകം എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരവ് 151832247/- രൂപയും ചെലവ് 150135876/- രൂപയുമാ എന്നാൽ യഥാർത്ഥ വരവ് 13,92,70,301/-രൂപയും ചെലവ് 11,87,43,044/-രൂപയുമാണ്. ബജറ്റ് പ്രകാരമുള്ള വര ചെലവും യഥാർത്ഥ വരവ് ചെലവ് കണക്കുകളും തമ്മിൽ അന്തരമുണ്ട്. 2013-14 സാമ്പത്തിക വർഷം പഞ്ചായ

നടപ്പിലാക്കാൻ വിഭാവനം ചെയ്ത വികസന ക്ഷേമ പ്രവർത്തനങ്ങളുടെ മൂന്നിലൊരു ഭാഗം പോലും നടപ്പിലാക്ക കഴിഞ്ഞിട്ടില്ല എന്നാണ് ബജറ്റും യഥാർത്ഥ വരവ് ചെലവ് കണക്കുകളും തമ്മിലുള്ള അന്തരം തെളിയിക്കുന്നത്. ദീർ വീക്ഷണത്തോടെ ബജറ്റ് തയ്യാറാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2014 | 23.06.2015 | ഇല്ല | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2013-14 | 18.07.2014, 19.07.2014 | LFTD.F1/1001/2014 (19)<br>Dated 14.10.2014 |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 23746022/-

വരവ് - 115524279/-

ആകെ - 139270301/-

ചെലവ് - 118743044/-

നീക്കിയിരിപ്പ് - 20527257/-

ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട നികുതി വരുമാനങ്ങൾ കൃത്യമായും ഈടാക്കുന്നതിന് കൂടുതൽ ഊന്ന നൽകേണ്ടതുണ്ട്.പരസ്യ നികുതി ഈടാക്കുന്നതിനും വസ്തു നികുതി ഇനത്തിൽ അവശേഷിക്കുന്ന കടിശ്ശ സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്. ജില്ലാ സഹകരണ ബാങ്ക നിലവിലുള്ള നിക്ഷേപത്തിന് പലിശ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ ശതമാ |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 158176 | 16044000 | 16202176 | 14409368 | 1792808 | 89 |
| വികസനഫണ്ട് | 3950149 | 5688000 | 9638149 | 7373743 | 2264406 | 76.5 |

| | | | | | | |
|---|---|---|---|---|---|---|
| എസ്.സി.പി. | | | | | | |
| വികസനഫണ്ട് ടി.എസ്.പി. | - | 4000 | 4000 | 4000 | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | 926253 | 6874000 | 7800253 | 7627064 | 173189 | 98 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 575708 | 3951000 | 4526708 | 3612375 | 914333 | 79.8 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2819076 | 7910506 | 10729582 | 8441299 | 2288283 | 78.6 |
| പെർഫോമൻസ് ഗ്രാന്റ് | 494177 | 4189000 | 4683177 | 4082784 | 600393 | 87.17 |
| EFMS ഉൾപ്പെടെ എം.എൻ.ആർ.ഇ.ജി.എസ് . | 83227 | 77454553 | 77537780 | 77533298 | 4482 | 99.99 |
| ബി ഫണ്ട് | - | 20367807 | 20367807 | 20367807 | - | 100% |
| സാക്ഷരത | 250 | 29860 | 30110 | 27890 | 2220 | 92.62 |
| ഐ.സി.ഡി.എസ്. സെൻടർ ഷെയർ | 181743 | 410210 | 591953 | 400000 | 191953 | 67.57 |
| മറ്റുള്ളവ | - | - | - | - | - | - |

## I-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരി‌ പ്രോജക്ടുകളു ശതമാനം |
|---|---|---|---|---|---|---|
| 207 | 5905800 | 174 | 2222000 | 32 | 33 | 84 |

വിവിധ പദ്ധതികൾക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ഗുണഭോക്തൃ സമിതി മാനദണ്ഡങ്ങ പാലിക്കേണ്ടതും അനർഹർ ആനുകൂല്യങ്ങൾ നേടിയെടുക്കുന്ന പ്രവണത ഒഴിവാക്കേണ്ടതുമാണ്. പദ്ധതികൾക്കാ വാങ്ങലുകൾ നടത്തുമ്പോൾ സ്റ്റോർ പർച്ചേസ് നിയമങ്ങളും അനുബന്ധ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥക പാലിക്കേണ്ടതുണ്ട്.

ഭവന നിർമ്മാണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ശ്രമിക്കേണ്ടതും പൂർത്തീകരിക്കാത്തവയു കാര്യത്തിൽ നിയമാനുസൃത നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കി പ്രാഥമിക പഠനം നട പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകേണ്ടതും,അംഗീകാരം ലഭ്യമാക എല്ലാ പ്രൊജക്റ്റുകളും സമയബന്ധിതമായി പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെപ്പറയും വി വർദ്ധനവ്/കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1591800 | 2148362 | 556562 | +34.96 |
| നികുതിയേതര വരവുകൾ | 2739151 | 2732119 | 7032 | -0.25 |
| മറ്റുവരവുകൾ | - | - | - | - |
| ആകെ | 4330951 | 4880481 | 549530 | +12.69 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 755040 | 1192 |
| കർഷകതൊഴിലാളി പെൻഷൻ | 7984009 | 1624 |
| വിധവാപെൻഷൻ | 6539261 | 1162 |
| വാർദ്ധക്യകാലപെൻഷൻ | 866285 | 1059 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 3736792 | 619 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | - | - |
| അവിവാഹിതരായ<br>അമ്മമാർക്കുള്ള ധനസഹായം | 371650 | 59 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-04-20 ഉച്ചയ്ക്ക് 12:45-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 180/-രൂപ ക്യാ ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

തൊഴിൽ നികുതി രജിസ്റ്ററുകൾ,ബഡ്ജറ്റ് രജിസ്റ്ററുകൾ,തനത് വരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വര രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം തയ്യാറാക്കേണ്ടതും സെക്ര സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.അല്ലാത്തപക്ഷം വരുമാനങ്ങളുടെ നിജസ്ഥിതി ഉറപ്പിക്കുന്നതിനും അവ വർദ്ധിപ്പിക്കുന്നതി സാദ്ധ്യമല്ലാതാകുന്നതാണ്. ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹിച്ച പൊതുമരാമത്ത് പ്രവർത്തികളുടെ ചെലവ് രേഖ ഫയലിനൊപ്പം സൂക്ഷിക്കേണ്ടതും എം.എൻ.ആർ.ഇ.ജി.എസ്. ഓഫീസിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ലഭ്യമാക്കിയില്ല | 12/2014 | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമാക്കിയില്ല | 1997-98മുതൽ 2002-03 വരെ | 19.05.2010 |

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി.

**(എ) രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല.**

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ്നൽകലും)ചട്ടം 3 പ്രക ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ,കടിശ്ശികഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജി എന്നിവ എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. നികുതി പത്രിക സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ പേ മാത്രം രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഈടാക്കുന്ന രീതിയാണ് ഗ്രാമപ്പഞ്ചായത്ത് പിന്തുടർന്ന് വരുന്ന പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേ

വിവരങ്ങളടങ്ങിയ അസസ്സ്മെന്റ് രജിസ്റ്റർ 1996-ലെകേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ(നികുതി ചുമത്തലും ഈടാക്ക അപ്പീലും)5-ലെ മാതൃകയിൽ എഴുതി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എങ്കിൽ മാത്രമെ പഞ്ചായ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപനനികുതിയും ഒടുക്കു വരുത്തുന്നവെ ഉറപ്പ് വരുത്തുവാൻ സാധിക്കുകയുള്ളൂ. കൂടാതെ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന നികുതി പത്രികയിലെ ജീവനക്കാരുടെ ആ അർദ്ധവാർഷിക വരുമാനത്തിൽ വീട്ടുവാടക ബത്ത,സി.സി.എ,യാത്രാ അലവൻസ്, യാത്രാ സൗകര്യ അലവൻസ് എന്ന ഒഴികെ ആർജിതാവധി പണമാക്കൽ,ബോണസ്സ് / ഉത്സവബത്ത ക്ഷാമബത്ത കുടിശ്ശിക എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ടെ ഉറപ്പ് വരുത്തി തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

**(ബി) തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1)പ്രകാരം ഗ്രാമപഞ്ചായത്തിന് അതിന്റെ അധിക പരിധിയിൽ 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരിൽ നിന്നും ഓരോ അർദ്ധവർഷവും വരുമാനത്തി അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതിന് അധികാരമുണ്ട്.1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ ച 13 അനുസരിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളി തൊഴിലുടമകളോട് സ്ഥാപനത്തിലെ ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെടുന്നതിന് അധികാരമുണ്ട്. എന്നാൽ 2013- സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് താഴെ പറയുന്ന

സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

(1)മതിലകം ഹോസ്പിറ്റൽ,പൊൻവിള - ഒന്നാം അർദ്ധവർഷം നികുതി ഒടുക്കിയിട്ടില്ല.

(2)പ്രോജക്ട് ഓഫീസ്,ആർ.എ.ഐ.സി.ബ്ലോക്ക് ഓഫീസ്,പാറശ്ശാല – ഒന്നാം അർദ്ധവർഷം ഒടുക്കിയിട്ടില്ല.

(3)ന്യൂ ജ്യോതി സെൻട്രൽ സ്കൂൾ - ഒന്നാം അർദ്ധവർഷം ഒടുക്കിയിട്ടില്ല.

(4)ചെങ്കൽ ജോയിന്റ് ഫാർമിങ് കോ.ഓപ്.സൊസൈറ്റി - ഒന്നാം അർദ്ധവർഷം ഒടുക്കിയിട്ടില്ല.

(5)പമ്പ് ഓപ്പറേറ്റർ,വാട്ടർ അതോറിറ്റി,പാറശ്ശാല – ഒന്നാം അർദ്ധവർഷം ഒടുക്കിയിട്ടില്ല.

മേൽ പറഞ്ഞിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരെ സംബന്ധിച്ച വിവരം ലഭ്യമാക്കി അർദ്ധവാർഷിക വരുമാനത്തി അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

**(സി)സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഗ്രാമപഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്ക സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധ വർഷവും സ്ഥാപനനികുതി ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത അധികാരമുണ്ട്.എന്നാൽ 2013-14 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് താഴെ പറയുന്ന സ്ഥാപനങ്ങളിൽ നി സ്ഥാപനനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമനം | സ്ഥാപനം | അർദ്ധവർഷം | പരമാവധി ഈടാ-ക്കാവുന്ന നികുതി |
|---|---|---|---|
| 1 | കെ.എസ്.ഇ.ബി. | I , II | 2 x 1250=2500 |
| 2 | ബി.എസ്.എൻ.എൽ | I , II | 2 x 1250=2500 |
| 3 | പൂർണ്ണാ ഓഡിറ്റോറിയം | I , II | 2 x 1250=2500 |

| | | | |
|---|---|---|---|
| 4 | ദേവ്യ നന്ദ ഓഡിറ്റോറിയം | I , II | 2 x 1250=2500 |
| 5 | മതിലകം ഹോസ്പിറ്റൽ | I , II | 2 x 1250=2500 |
| 6 | സൗത്ത് ഇന്ത്യൻ ബാങ്ക് | I | 1 x 1250=1250 |
| 7 | പൂർണ്ണാ ഗ്യാസ് ഏജൻസി | I , II | 2 x 1250=2500 |
| | ആകെ | | 16250/- |

മുകളിൽ പറഞ്ഞിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക ഉൾപ്പെ സ്ഥാപന നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്

## 2-2 ഡി&ഒ. ലൈസൻസ് അപാകതകൾ.

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റിക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ്നൽകലും)ചട്ടം 3 പ്രക ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ എഴു തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷക അടിസ്ഥാനമാക്കിയാണ് പഞ്ചായത്ത് ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.പഞ്ചായത്ത് പരിധിയിലെ കച്ച സ്ഥാപനങ്ങളെ മുഴുവൻ ഉൾപ്പെടുത്തി ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.ഗ്രാമപഞ്ചായത്ത് ഓഡിറ്റ ഹാജരാക്കിയ 2013-14 ലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 139 കച്ചവട സ്ഥാപനങ്ങൾ പഞ്ചായത്തിൽ നി ലൈസൻസ് വാങ്ങിയിട്ടുണ്ട്.എന്നാൽ 2012-13 സാമ്പത്തിക വർഷം 191 സ്ഥാപനങ്ങൾ പഞ്ചായത്തിൽ നി ലൈസൻസ് വാങ്ങിയിട്ടുണ്ട്.ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരം മുൻ വർഷത്തേക്കാൾ തൻവർഷം 52 സ്ഥാപനങ്ങൾ ലൈസന എടുത്തിട്ടില്ല. ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് അടിയന്തിരമായി ഡിമാന്റ് നോട്ടീസ് നൽ ലൈസൻസ് ഫീസ് ഈടാക്കുന്നതാണെന്ന് 23.04.2015 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.7 ന് മറു നൽകിയിട്ടുണ്ട്.

## 2-3 പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസില്ല.

1996-ലെ കേരള പഞ്ചാത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസന നൽകൽ)ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ,മാവേലിസ്റ്റോർ,കൺസ്യൂമർ സ്റ്റ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്.എന്നാ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ നാളിതുവരെ ലൈസൻസ് ഇല്ലാതെയാ പ്രവർത്തിക്കുന്നത്. റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാൻ ഗ്രാമപഞ്ചായത്ത് നാളിതുവരെ യാതൊരു നടപടിക സ്വീകരിച്ചിട്ടില്ല. ഗ്രമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 23 റേഷൻ കടകൾ പഞ്ചായ മേഖലയിൽ പ്രവർത്തിക്കുന്നു. പഞ്ചായത്ത് പരിധിയിൽ റേഷൻകടകൾ പ്രവർത്തിക്കുന്ന സ്ഥലം, വാർഡ് എന്ന സംബന്ധിച്ച വിവരങ്ങളാണ് താഴെ കൊടുത്തിട്ടുള്ളത്.

| ക്രമനം | റേഷൻ കടകൾ പ്രവർത്തിക്കുന്ന സ്ഥലം | വാർഡ് നം. | എണ്ണം |
|---|---|---|---|
| 1 | കാട്ടിലുവിള | I | 1 |
| 2 | തൃക്കണ്ണാപുരം | II | 1 |
| 3 | ഈഴക്കോണം | III | 1 |
| 4 | കൊച്ചോട്ടുകോണം | IV | 1 |
| 5 | ഉദിയൻകുളങ്ങര | V | 2 |

| | | | |
|---|---|---|---|
| 6 | അലത്തറവിളാകം | V | 1 |
| 7 | കൊറ്റാമം | VI | 1 |
| 8 | ആറയൂർ | VII | 1 |
| 9 | പൊൻവിള | IX | 1 |
| 10 | മണലിവിള | IX | 1 |
| 11 | തോട്ടിൻകര | X | 1 |
| 12 | കോടങ്കര | XIII | 1 |
| 13 | മര്യാപുരം | XIV | 1 |
| 14 | വട്ടവിള ആശുപത്രി ജങ്ഷൻ | XV | 1 |
| 15 | ചെങ്കൽ | XVI | 1 |
| 16 | വട്ടവിള | XVII | 1 |
| 17 | പൂഴികുന്ന് | XIX | 1 |
| 18 | കാഞ്ഞിരംതോട്ടം | XIX | 1 |
| 19 | വ്ളാത്താങ്കര | XX | 1 |
| 20 | വ്ളാത്താങ്കര ഫാമിങ് സൊസൈറ്റി ബിൽഡിംഗ് | XX | 1 |
| 21 | കാഞ്ഞിരമൂട് കടവ് | XX | 1 |
| 22 | അലത്തറയ്ക്കൽ | XXI | 1 |
| | ആകെ | | 23 |

മുകളിൽ പറഞ്ഞിട്ടുള്ള സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2015-16 മുതൽ ലൈസൻസ് നൽകുവാ സ്ഥാപനങ്ങൾ നടത്തുന്ന വ്യക്തികളിൽ നിന്ന് തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കുവാനും ഭരണതലത്ത അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 പരസ്യനികുതി ഈടാക്കുന്നില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 പ്രകാരം ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് പരസ്യനികുതി ഈടാക്കുന്നില്ല. പഞ്ചായത്തി തനത് വരുമാനമായ പരസ്യനികുതി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് ഭരണതലത്ത നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 23/04/2015-6-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 2015-16 സാമ്പത്തിക വർഷം മുതൽ പരസ്യനികുതി ഈടാക്കുന്നതിനുള്ള മു നടപടി സ്വീകരിക്കുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാ ഉയർത്തുവാൻ ബന്ധപ്പെട്ട വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 മൊബൈൽ ടവറുകൾക്ക് വസ്തു നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകളുടെ വിവരങ്ങളടങ്ങിയ രജിസ തയ്യാറാക്കി സൂക്ഷിക്കുകയോ അവയിൽ നിന്ന് വസ്തുനികുതി ഈടാക്കുകയോ ചെയ്യുന്നില്ല.ജി.ഒ.(എം.എസ്)നം.113/20 ത.സ്വ.ഭ.വ.തിയതി.02/01/2009,നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മൊബൈൽ ടവർ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങള നിന്ന് വസ്തു നികുതി ഈടാക്കേണ്ടതാണ്.2012-13 സാമ്പത്തിക വർഷത്തെ എൽ.എഫ്.റ്റി.ഡി./ജി. 1/1145,തിയതി.15/10/2014 നമ്പർ ഓഡിറ്റ് റിപ്പോർട്ടിലും ഇതേ വിഷയം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അധികൃ ക്രിയാത്മക നടപടികൾ സ്വീകരിച്ചിട്ടില്ല.

## 2-6 ലൈസൻസ് ഇല്ലാതെ ആധാരം എഴുത്താഫീസുകൾ പ്രവർത്തിക്കുന്നു.

1994-ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തി പഞ്ചായത്ത് പരിധിയിൽ സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. എന്നാൽ ഗ്രാമപഞ്ചായത്തിന് സമീപം പ്രവർത്തിക്ക ആധാരം എഴുത്താഫീസുകൾ നാളിതുവരെ ലൈസൻസില്ലാതെയാണ് പ്രവർത്തിച്ചു വരുന്നത്.ഗ്രാമപഞ്ചായത്ത് ഓഡിറ്റ ഹാജരാക്കിയ ലൈസൻസ് രജിസ്റ്ററിൽ പ്രസ്തുത സ്ഥാപനങ്ങളെ സംബന്ധിച്ച് യാതൊരു വിവര ഉൾപ്പെടുത്തിയിട്ടില്ല.ആയതിനാൽ മേൽപറഞ്ഞ സ്ഥാപനങ്ങളെ ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തി ലൈസൻസ് ഫ ഈടാക്കേണ്ടതാണ്.

## 2-7 വസ്തുനികുതി - കുടിശ്ശിക –12,16,196/- രൂപ.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203 പ്രകാരം ഗ്രാമപഞ്ചായത്ത് വസ്തുനികുതി പൂർണ്ണമ പിരിച്ചെടുക്കുന്നില്ല. വസ്തുനികുതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയ ഡി.സി.ബി.പത്രിക,വ നികുതി ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 2013-14 സാമ്പത്തിക വർഷം അരിയറും കറന്റും ഉൾപ്പെ 1216196/-രൂപ വസ്തുനികുതിയിനത്തിൽ കുടിശ്ശികയായി പിരിഞ്ഞ് കിട്ടാനുണ്ട്. ഗ്രാമപഞ്ചായത്ത് ഹാജരാക്ക ഡി.സി.ബി.പത്രികയനുസരിച്ച് 2013-14 സാമ്പത്തിക വർഷത്തിൽ അരിയറും കറന്റും ഉൾപ്പെടെ വസ്തുനികുതിയിനത്ത ഗ്രാമപഞ്ചായത്ത് പിരിച്ചെടുക്കേണ്ട തുകയാണ് താഴെ കൊടുത്തിരിക്കുന്നത്.

| ക്രമനം | | ഡിമാന്റ് | കളക്ഷൻ | ശതമാനം | ബാലൻസ് |
|---|---|---|---|---|---|
| 1 | അരിയർ | 985487 | 339379 | 34 | 646108 |
| 2 | കറന്റ് | 1343351 | 773263 | 58 | 570088 |
| | ആകെ | 2328838 | 1112642 | | 1216196 |

കുടിശ്ശികയായി ഗ്രാമപഞ്ചായത്തിന് കിട്ടേണ്ട 1216196/- രൂപ ഭരണതലത്തിൽ ഉചിതമായ നടപടികൾ സ്വീകര പിരിച്ചെടുക്കേണ്ടതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 243 പ്രകാരം പ്രസ്തുത തുക 3 വർഷത്തിനുള്ള പിരിച്ചെടുക്കാതിരുന്നാൽ ടി തുക നഷ്ടപ്പെടുന്നതാണ്.

## 2-8 തനത് ഫണ്ട് - പലിശ രഹിത അക്കൗണ്ടിൽ - നഷ്ടം 2.76ലക്ഷം- രൂപ

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം ജില്ലാ സഹകരണ ബാങ്കിന്റെ ഉദിയൻകുളങ്ങര ശാഖയിലെ അക്കൗണ്ടിലാ നിക്ഷേപിച്ചിട്ടുള്ളത്.ഈ അക്കൗണ്ടിലെ നിക്ഷേപത്തിന് നാളിതുവരെ പലിശ ലഭ്യമാക്കിയിട്ടില്ല. സ്ഥിരനിക്ഷേപമല്ലാ സേവിംഗ്സ് അക്കൗണ്ടിലെ നിക്ഷേപത്തിന് 2013-14 കാലയളവിൽ 4% നിരക്കിൽ പലിശ ജില്ലാ സഹകരണ ബ നല്കിയിട്ടുണ്ട് (അന്വേഷണക്കുറിപ്പ് നം:1നുള്ള മറുപടി).തൻവർഷം ഗ്രാമപഞ്ചായത്തിന് ഈ ഇനത്തിൽ നഷ്ടപ്പെട്ട തുകയു വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | അക്കൗണ്ടിലെ ഏറ്റവും കുറഞ്ഞ നിക്ഷേപ തുക / തിയതി | 4% നിരക്കിലുള്ള പലിശ |
|---|---|---|
| | | |

| | | | |
|---|---|---|---|
| 04/2013 | 84,32,397 | 02.04.2013 | 28,107 |
| 05/2013 | 84,98,203 | 03.05.2013 | 28,327 |
| 06/2013 | 83,57,239 | 13.06.2013 | 27857 |
| 07/2013 | 80,83,477 | 12.07.2013 | 26944 |
| 08/2013 | 73,90,644 | 29.08.2013 | 24635 |
| 09/2013 | 68,13,082 | 14.09.2013 | 22710 |
| 10/2013 | 66,93,437 | 28.10.2013 | 22311 |
| 11/2013 | 62,78,561 | 07.11.2013 | 20928 |
| 12/2013 | 59,37,968 | 09.12.2013 | 19793 |
| 01/2014 | 54,66,360 | 16.01.2014 | 18221 |
| 02/2014 | 52,82,778 | 14.02.2014 | 17609 |
| 03/2014 | 58,46,717 | 03.03.2014 | 19489 |
| | | ആകെ തുക | 2,76,931 |

2011-12ലെ ഓഡിറ്റ് റിപ്പോർട്ടിൽ പ്രസ്തുത വിഷയം പ്രത്യേകം പരാമർശിച്ചിട്ടുണ്ടായിരുന്നു. തനത് ഫ അക്കൗണ്ടിലെ നിക്ഷേപത്തിന് പലിശ ലഭിക്കാത്തതിനാൽ തൻവർഷം മാത്രം ഏറ്റവും കുറഞ്ഞത് 2,76,931/- (ര ലക്ഷത്തി എഴുപത്തി ആറായിരത്തി തൊള്ളായിരത്തി മുപ്പത്തി ഒന്ന്) രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിന് ന സംഭവിച്ചിട്ടുണ്ട്. ആയതിനാൽ തനത് ഫണ്ട് അക്കൗണ്ടിലെ നിക്ഷേപത്തിന് പലിശ ലഭ്യമാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. തനത് ഫണ്ട് അക്കൗണ്ടിലെ നിക്ഷേപത്തിന് പലിശ നൽകുവാൻ ജി സഹകരണ ബാങ്ക് തയ്യാറാകാത്തപക്ഷം പ്രസ്തുത ബാങ്കിലെ അക്കൗണ്ട് അവസാനിപ്പിച്ച് ഏതെങ്കിലും ദേശസാൽ ബാങ്കിൽ അക്കൗണ്ട് തുറക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വാല്യുവേഷൻ സർട്ടിഫിക്കറ്റില്ല - 25000/- രൂപ തടസ്സം

ഭവനപുനരുദ്ധാരണം പദ്ധതിയിൽ വാല്യുവേഷൻ സർട്ടിഫിക്കറ്റില്ലാതെ തുക നൽകിയിരിക്കുന്നു. വിശദവിവരം ചുവടെ.

| ക്രമ നമ്പർ | പ്രോജക്റ്റിന്റെപേര് | പ്രോജക്റ്റ് നമ്പർ | ഗുണഭോക്താവ് | നൽകിയ തുക | ഡി.ഡി നമ്പ തീയതി |
|---|---|---|---|---|---|
| 1 | ഭവനപുനരുദ്ധാരണം (വനിത)എസ്.സി.പി | SOO67/14 | ശ്രീമതി.സുലോചന | 10000/- | 632415/ 09.04.2014 |
| 2 | ഭവനപുനരുദ്ധാരണം (ജനറൽ) | SOO61/14 | ശ്രീ.വിൽസൻ | 15000/- | 712459/ 07.03.2014 |
| | | ആകെ | | 25000/- | |

വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമല്ലാത്തതിനാൽ 25000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദീകരണ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5 ന ലഭ്യമാക്കിയ മറുപടിയിൽ വാല്യുവേഷൻ സർട്ടിഫിക്കറ്റ് നഷ്ട

എന്നാണ് പറഞ്ഞിരിക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട് രേഖകൾ സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 എ.പി.എൽ- വിഭാഗത്തിൽപ്പെട്ടവർക്കു സബ്സിഡി

ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്കു നൽകേണ്ട സബ്സിഡിതുക എ.പി.എൽ ന് നൽകിയിരിക്കുന്നു. വിശദവിവ ചുവടെ.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | നൽകിയ തുക | ഡി.ഡി. നമ്പർ, തീയതി | പ്രോജക്ടിന്റെ പേര് | പ്രോജക്ട് നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | ഇന്ദിര | 25000/- | 632419, 09/04/14 | വീട്പുനരുദ്ധാരണം (എസ്.സി.പി) | Soo15/14 | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ | അപേക്ഷകയു ഭർത്താവ് പെൻഷണർ |
| 2 | ഗോപാലകൃഷ്ണൻ | 10000/- | 712458, 07/03/14 | കിണർ നിർമ്മാണം | Soo19/14 | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ | അപേക്ഷകന പെൻഷണർ |
| 3 | വൽസല | 3000/- | 289376, 12/02/14 | കാലിത്തൊഴുത്ത് നിർമ്മാണം | So110/14 | വെറ്റിനറി സർജൻ | അപേക്ഷകയു ഭർത്താവ് പെൻഷണർ |
| 4 | തീമത്യോസ് | 3000/- | 712863, 10/01/2014 | കാലിത്തൊഴുത്ത് നിർമ്മാണം | So110/14 | വെറ്റിനറി സർജൻ | അപേക്ഷകന ഗവ.ജീവന |
| 5 | ബേബിസരോജം | 3000/- | 712880, 15/01/2014 | കാലിത്തൊഴുത്ത് നിർമ്മാണം | So110/14 | വെറ്റിനറി സർജൻ | അപേക്ഷകയു ഭർത്താവ് പൊതുമേഖ ജീവനം |
| 6 | വിൻസെന്റ് - ഡേവിഡ് | 3000/- | 289365, 10/02/2014 | കാലിത്തൊഴുത്ത് നിർമ്മാണം | So110/14 | വെറ്റിനറി സർജൻ | അപേക്ഷകന പെൻഷണർ |
| ആകെ | | 47000/- | | | | | |

ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 5 മുഖേന വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറു ലഭ്യമാക്കിയിട്ടില്ല. 16/11/2013ൽ പുറപ്പെടുവിച്ച സർക്കാർ സബ്സിഡി മാർഗ്ഗരേഖയിലെ അനുബന്ധം 16 ലെ ഖണ്ഡിക 14 പ്രകാരം സർക്കാർ, അർദ്ധസർക്കാർ,എയ്ഡഡ്, സഹകരണസ്ഥാപനങ്ങൾ,സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാ പെൻഷണർമാർഎന്നിവയിലാരെങ്കിലും ഉൾപ്പെടുന്ന കുടുംബം (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാല ദിവസവേതന അടിസ്ഥാനത്തിൽ ജോലിചെയ്യുന്നവർ ഒഴികെ) എന്നിവരെ ബി,പി,എൽ ആയി കണക്കാക്കാൻ കഴിയ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ മേൽപറഞ്ഞ ഗുണഭോക്താക്കൾക്കു നൽകിയ സബ്സിഡി തുക ബന്ധ നിർവ്വഹണ ഉദ്യോഗസ്ഥർ സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്

## 3-3 ഇ.എം എസ്. ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തിയാകുന്നില്ല.

2009-10 സാമ്പത്തികവർഷം ആരംഭിച്ച ഭവനനിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു. മുൻ ഓഡി റിപ്പോർട്ടിൽ (2012-13) 26 ഗുണഭോക്താക്കൾ വീടു നിർമ്മാണം പൂർത്തിയാക്കാത്ത വിവരം റിപ്പോർട്ട് ചെയ്തിരു വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 5 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഒരു വീട് പൂർത്തിയാ ബാക്കിയുള്ള 25 വീടുകളുടെയും നിർമ്മാണത്തിൽ പുരോഗതിയുണ്ടായിട്ടില്ല. ഇ.എം.എസ് ഭവനപദ്ധതിക്കാ ഉദിയൻകുളങ്ങര ജില്ലാസഹകരണ ബാങ്കിൽ ആരംഭിച്ച 020461201200003 നമ്പർ അക്കൗണ്ടിൽ 31/03/2014 ന് 3226 രൂപ ബാക്കിയുള്ളതായി കാണുന്നു. ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി അടിയന്തിര നടപ

സ്വീകരിക്കേണ്ടതും ബാക്കിതുകയുടെ വിവരം സർക്കാരിലറിയിച്ച് , സർക്കാർ നിർദ്ദേശമനുസരിച്ച് അനന്തരനടപടിക സ്വീകരിക്കേണ്ടതുമാണ്.

## 3-4 ചെലവ് രേഖകൾ ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

- 2013-14 സാമ്പത്തിക വർഷം, സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തോട്ടിൻകര ശിശുമന്ദ പ്രീപ്രൈമറി സ്കൂളിന് ഉച്ചഭക്ഷണം എന്ന പ്രോജക്റ്റ് പ്രകാരം 30 കുട്ടികൾക്ക് ഭക്ഷ്യ സാധനങ്ങൾ വാങ്ങുന്നതിനാ 17202/-രൂപ (ബിൽ നം. 8/2013-14) വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചു.ഭക്ഷ്യ സാധനങ്ങൾ വാങ്ങിയതി ബിൽ, ചെലവു രേഖകൾ എന്നിവ ഫയലിൽ ലഭ്യമല്ല.

ഈ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-14 ന് മറുപടി ലഭ്യമാക്കിയില്ല. ചെലവു രേഖ അഭാവത്താലും ,പർച്ചേസ് നടപടിക്രമങ്ങൾ പാലിക്കാത്തതിനാലും ചെലവു തുക17202/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തു

## 3-5 സബ്സിഡി മാർഗ്ഗരേഖ പാലിച്ചില്ല-ചെലവു തുക തടസ്സപ്പെടുത്തുന്നു

പ്രൊജക്റ്റിന്റെ പേര് - തോട്ടിൻകര ശിശുമന്ദിരം പ്രീപ്രൈമറി സ്കൂളിന് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ

പ്രൊജക്റ്റിന്റെ നമ്പർ - SO189/14

അടങ്കൽ തുക - 75000/-രൂപ(ബിൽ നം.A3-16 13-14തീ.29.3.2014തുക75000/-)

(വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രീപ്രൈമറി സ്കൂളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക എന്നതാണ് പ്രോജക്റ്റിന്റെ ലക്ഷ്യം. പ്രസ്തുത പ്രോജ പ്രകാരം കുട്ടികൾക്കുള്ള കളിപ്പാട്ടങ്ങൾ,യൂണിഫോം, അടുക്കള പാത്രങ്ങൾ, പഠനോപകരണങ്ങൾ, ഫാൻ,കസേരഎന്ന വാങ്ങുന്നതിനായി 75000/-രൂപ പിൻവലിച്ചു. പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ, 51270/-രൂപയുടെ സാധനങ്ങ ആഗ്രോ ഇൻഡസ്ട്രീസിൽ നിന്നും വാങ്ങിയതിന്റെ ബിൽ മാത്രമെ ലഭ്യമായുള്ളൂ. പ്രസ്തുത ഉപകരണങ്ങൾ സ്കൂൾ അധിക കൈപ്പറ്റിയതിന്റെ വിശദാംശങ്ങളും ഫയലിൽ ലഭ്യമല്ല.

കൂടാതെ സബ്സിഡി മാർഗ്ഗരേഖ 362/2013/ത.സ്വ.ഭ.വ തീ.16.11.2013 ഖ3.9.1(5),(6) പ്രകാരം മേൽ പരാമർശ ഇനങ്ങൾക്കായി സബ്സിഡി അനുവദിക്കാവുന്നതല്ല.

ഈ വിഷയം ചൂണ്ടിക്കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-14 ന് മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ, മേൽ പരാമർശിച്ച അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക 75000/- ഓഡിറ്റ തടസ്സപ്പെടുത്തുന്നു.

## 3-6 ചെലവു രേഖകൾ ഹാജരാക്കിയില്ല. -തുക തടസ്സപ്പെടുത്തുന്നു

വൗച്ചറുകളുടെ പരിശോധനയിൽ,പഞ്ചായത്തിലെ 21 വാർഡുകളിൽ ഫോഗിംഗ് നടത്തുന്നതിനാ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു.വിശദവിവരം ചുവടെ ചേർക്കുന്നു

| വൗച്ചർ നം. | ചെക്ക് നമ്പർ/തുക |
|---|---|
| വൗ.നം.21300079 തീ.17.6.2013 | 011303/17.6.2013 ,തുക- 10000/-രൂപ |
| വൗ.നം.21300109 തീ.29.6.2013 | 011315/29.6.2013,തുക- 10000/-രൂപ |
| ആകെ | 20000/- |

മേൽ പരാമർശിച്ച ചെലവു രേഖകൾ ഫയലിൽ ലഭ്യമല്ല.കൂടാതെ പ്രസ്തുത പ്രവൃത്തി നടന്നതായി അ: വാർഡുകളിലെ മെമ്പർമാരുടെ സാക്ഷ്യപത്രവും ഫയലിൽ ലഭ്യമല്ല.ഈകാരണങ്ങളാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-7 ജാഗ്രതാ സമിതി അധിക ചെലവ് -തുക നിരാകരിക്കുന്നു.

പ്രൊജക്ട് നമ്പർ -SO28/13-14

പ്രൊജക്ടിന്റെ പേര് -ജാഗ്രതാ സമിതി പ്രവർത്തനങ്ങൾ.

ചെലവ് തുക - 36000/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥ -ഐ.സി.ഡി.എസ് സൂപ്പർവൈസർ

ബിൽ നമ്പർ 9/2013-14 തീ.24.3.2014 തുക 36000/-രൂപ.

പഞ്ചായത്തിലെ കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗൺസിലിംഗ് ബോധവത്കരണം എന്ന നടത്തുന്നതിനായിട്ടാണ് പ്രൊജക്ട് വിഭാവനം ചെയ്തത്. പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജി.ഒ.(എം.എസ്) നമ്പർ.3350/2008/ ത.സ്വ.ഭ.വ.9.9.2008 പ്രകാരം ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങൾക്ക 35000/- രൂപ വരെയേ ചെലവഴിക്കാവൂ. എന്നാൽ 36000/-രൂപ ചെലവഴിച്ചു.
2. ചെലവ് രേഖകൾ പരിശോധിച്ചതിൽ, അഡ്വക്കേറ്റ് കൗൺസിലർ എന്നിവർക്ക് ഫീസായി 14000/-രൂപ വീ നൽകിയിരിക്കുന്നത് പണമായിട്ടാണ്. ജി.ഒ.(പി) നമ്പർ.177/2006/ധനം തീ.12.4.2006ഖ.(8.2) പ്രകാരം തുക100 രൂപയിൽ അധികമായതിനാൽ ഡി.ഡി.-യായിട്ടാണ് നൽകേണ്ടത്.

   ഈ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്,ആദ്യമായി പ്രൊജക്ട് നടപ്പിലാക്കുന്നതിലാണ് ഈ അപാ സംഭവിച്ചത് എന്നതായിരുന്നു മറുപടി. അപാകതകൾ ഒഴിവാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 ഗുണഭോക്തൃ സമിതി കൺവീനർ മുഖേനെയുള്ള പൊതുമരാമത്ത് പ്രവൃത്തികൾ -മാർഗ്ഗരേഖവ്യവസ്ഥകൾ പാലിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2013-14കാലയളവിലെ എല്ലാ പൊതുമരാമത്ത് പ്രവൃത്തികളും ഗുണഭോക്തൃ സമി കൺവീനർ മുഖേനയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികളിൽ പൊതുമരാമത്ത് ചട്ടങ്ങളിലെ വ (13)പ്രകാരവും സംസ്ഥാന ആസൂത്രണബോർഡ് 1999ഡിസംബറിൽ പ്രസിദ്ധീകരിച്ച മാർഗ്ഗരേഖ പ്രകാരവു വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

(i)2013-14കാലയളവിൽ നിർവ്വഹിച്ച പ്രവൃത്തികളുടെ ചെലവ് രേഖകൾ പ്രൊജക്ട് ഫയലിനൊപ്പം സൂക്ഷിച്ചിട്ടില്ല.

(ii)പ്രവൃത്തികൾ നടത്തുന്നതിനാവശ്യമായ പണമിടപാടുകൾ നടത്തുന്നതിന് ഗുണഭോക്തൃ സമിതി കൺവീനർ,ചെയർമ എന്നിവരുടെ പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.പ്രവൃത്തികളുമാ ബന്ധപ്പെട്ട മസ്റ്റർ റോൾ പ്രൊജക്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(iii)പ്രവൃത്തിക്കാവശ്യമായ സാധനങ്ങൾ വാങ്ങിയതിന്റെ രസീതുകൾ,ക്യാഷ് ബില്ലുകൾ എന്നിവയും പ്രൊജക്ട് ഫയല ഇല്ല.പ്രസ്തുത രേഖകളുടെ അഭാവത്തിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള മെറ്റീരിയൽസ് അതേ ഗുണനിലവാരത്തി അളവിലുമാണോ വാങ്ങിയിട്ടുള്ളതെന്ന് ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

ഉദാ.പ്രൊജക്ട്നം:144/2014 ,വനിത വിപണന കേന്ദ്രം-സെക്കന്റ് സ്റ്റേജ്

**(iv)**വരവ്-ചെലവ് കണക്കപുസ്തകം സൂക്ഷിച്ചിട്ടില്ല.പ്രവൃത്തികൾ പൂർത്തീകരിച്ചതിന് ശേഷം ഗുണഭോക്തൃ സമിതി യോ കൂടിയിട്ടുള്ളതായോ വരവ്-ചെലവ് കണക്കുകൾ അവതരിപ്പിച്ചതായോ കാണുന്നില്ല.

**(v)**കുടിവെള്ള പ്രൊജക്ടുകളുടെ സംരക്ഷണത്തിനും ദൈനംദിന നടത്തിപ്പിനുമുള്ള സംരക്ഷണ കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ മാർഗ്ഗരേഖ പ്രകാരമുള്ള വ്യവസ്ഥ കർശനമായി പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.മേൽ പ്രസ്താവിച്ച വിവരങ്ങൾ ഭരണ വകുപ്പി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-9 1:8 Random Rubble Masonary-ക്ക് അധിക നിരക്ക്-7995/-രൂപ നിരസിക്കുന്നു

2013-14 കാലയളവിൽ അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹിച്ച ചില പ്രൊജക്ടുകളിൽ Random Rubble Mason എന്ന പ്രവൃത്തിക്ക് 1:8 എന്ന അനുപാതത്തിൽ അനുവദനീയമായ 2817.45/m3-ന് പകരമായി 2930/m3 എന്ന ഉയർ നിരക്കിൽ തുക അനുവദിച്ച് നൽകിയിരിക്കുന്നു. വിശദ വിവരങ്ങൾ ചുവടെ.

ഡാറ്റ

<u>Random Rubble Masonry in cement mortar 1:8 for Foundation & Basement</u>

1m3 blasted Rubble= 420

Conveyance = 374

0.30 m3 drysand =833.10

Covveyance = 126.60

54Kg Cement = 320.76

Conveyance = 17.44

0.70 Rubble mason =329.70

0.70 woman =263.90

0.35 man =131.95

Total = 2817.45

ഓഡിറ്റ് എൻക്വയറി നമ്പർ:8 ന് 'Clerical Mistake' കാരണമാണ് ഈ അപാകത സംഭവിച്ചെന്നാണ് മറു നൽകിയിട്ടുള്ളത്, മറുപടി തൃപ്തികരമല്ല.

| ക്രമ നം | പ്രൊജക്ട് വിവരങ്ങൾ | എം.ബുക്ക് വിവരങ്ങൾ/ അനുവദിച്ച നിരക്ക് | അനുവദനീയ നിരക്ക് | അധിക നൽകി ഇക |
|---|---|---|---|---|
| 01 | 226/2014,വണ്ടിച്ചിറ തോട്ടിൽ തച്ചം വിളാകം ഭാഗത്ത് റാമ്പ് നിർമ്മാണം<br><br>കൺവീനർ: മോഹനൻ | 265/13-14,പേജ് നം:15,16 ഇനം:5,RR masonary in cement mortar 1:8 for foundation and basement.<br><br>21.10m3@2930/m3=<br><br>61823/- | 21.10m3@2817.45<br><br>/m3=59448/- | 2375/- |

| | | | | |
|---|---|---|---|---|
| | അസി.എൻജിനിയർ:ജോസ്. എച്ച് .ജോൺസ്<br><br>പ്രവൃത്തി മൂല്യം:92688/-<br><br>ചെക്ക് നം:1876526<br><br>തിയതി:07.03.2014 | | | |
| 02 | 101/2014,വണ്ടിച്ചിറ തോട്ടിൽ എള്ളുവിള ഭാഗത്ത് റാമ്പ് നിർമ്മാണം.<br><br>കൺവീനർ: ജസ്റ്റിൻ രാജ്<br><br>അസി.എൻജിനിയർ:ജോസ്. എച്ച് .ജോൺസ്<br><br>പ്രവൃത്തി മൂല്യം:91622/-<br><br>ബിൽ നം:71/13-14<br><br>തിയതി:18.03.2014 | 83/13-14,പേജ് നം:15,16 ഇനം:5,RR masonary in cement mortar 1:8 for foundation and basement.<br><br>18.25m3@2930/m3=<br><br>53472/- | 18.25m3@2817.45/m3=51418/- | 2054/- |
| 03 | 103/2014,കീഴശേരി തോട് റാമ്പ് നിർമ്മാണം<br><br>കൺവീനർ: രാജൻ<br><br>അസി.എൻജിനിയർ:ജോസ്. എച്ച് .ജോൺസ്<br><br>പ്രവൃത്തി മൂല്യം:199002/-<br><br>ബിൽ നം:69/13-14<br><br>തിയതി:18.03.2014 | 599/12-13,പേജ് നം:11 ഇനം:5,RR masonary in cement mortar 1:8 for foundation and basement.<br><br>12.88m3@2930/m3=<br><br>37,738/- | 12.88m3@2817.45/m3=36289/- | 1449/- |
| 04 | 104/2014,വണ്ടിച്ചിറ തോട്ടിൻകര തച്ചം വിളാകം ഭാഗത്ത് റാമ്പ് നിർമ്മാണം.<br><br>കൺവീനർ: രാജൻ<br><br>അസി.എൻജിനിയർ:ജോസ്. എച്ച് .ജോൺസ്<br><br>പ്രവൃത്തി മൂല്യം:100000/-<br><br>ബിൽ നം:68/13-14 | 244/13-14,പേജ് നം:12 ഇനം:5,RR masonary in cement mortar 1:8 for foundation and basement.<br><br>18.81m3@2930/m3=<br><br>55113/- | 18.81m3@2817.45/m3=52996/- | 2117/- |

| | | | | |
|---|---|---|---|---|
| | തീയതി:18.03.2014 | | | |
| ആകെ | | | | 7,995/- |

അധികം നൽകിയ ആകെ തുക 7,995/-രൂപ അസി.എൻജിനിയർ,എസ്റ്റിമേറ്റ് അംഗീകരിച്ച അസി.എക്സിക്യൂട്ട എൻജിനിയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-10 റിവൈസ്ഡ് എസ്റ്റിമേറ്റ് ഇല്ലാതെ പ്രോജക്ട് നിർവ്വഹണം -ചെലവ് തുക 2,44,774/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം :97/2014

പേര് .ഉദിയൻകുളങ്ങര-കല്ലിംഗപൊറ്റ റോഡ് നിർമ്മാണം

ഭരണാനുമതി നം. 01/24.05.2013

സാങ്കേതികാനുമതി നം.484/AEE/LSGD/PBP/13-14,തിയതി:25.07.13

കൺവീനർ ; രതീഷ്

അസി.എൻജിനിയർ :ജോസ്. എച്ച് .ജോൺസ്

പ്രവൃത്തി മൂല്യം :244774/-

ബിൽ നം :81/13-14

തിയതി :26.03.2014

എം.ബുക്ക് നം : 359/13-14

മേൽ പ്രസ്താവിച്ച പ്രോജക്ടിൽ Istമെറ്റലിംഗ് IInd മെറ്റലിംഗ് എന്നീ പ്രവൃത്തികൾ നിർവ്വഹിച്ച ശേഷം ടാറി നടത്തുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്.എന്നാൽ മെഷർമെന്റ് ബുക്കിൽ എസ്റ്റിമേറ്റ ഇല്ലാത്ത Earth Filling ഉൾപ്പെടുത്തിയും എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ടാറിംഗ് ഒഴിവാക്കിയുമാണ് പ്രവൃ നിർവ്വഹിച്ചിട്ടുള്ളത്.അംഗീകൃത എസ്റ്റിമേറ്റിൽ നിന്നും വ്യതിയാനം വരുത്തി പ്രവൃത്തി നിർവ്വഹിച്ചതിന് ഭരണാനുമതി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിയും ലഭ്യമാക്കിയിട്ടില്ല.കേരള പഞ്ചായത്ത് രാജ് പൊതുമരാമ പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ 1997ചട്ടം 14(5)പ്രകാരം 'ഒരു പൊതു മരാമത്ത് പണി എസ്റ്റിമേറ്റ് അനുസരിച്ച് നട വരവെ മുൻകൂട്ടി കാണാൻ കഴിയാത്ത കാരണത്താൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതിരുന്ന ഇനമോ കൂടുതലായി ചെയ്യേ വരുന്ന സംഗതിയിൽ അധികമായി ചെയ്യേണ്ടി വരുന്ന പണിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും അതിന് ഒറിജി എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നല്കിയ അധികാര സ്ഥാനങ്ങളിൽ നിന്ന് ഭരണാനുമതി സാങ്കേതികാനുമതിയും മുൻകൂട്ടി വാങ്ങേണ്ടതാണ്.ഇപ്രകാരം പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നത മുമ്പ് ബന്ധപ്പെട്ട എൻജിനിയർ അധികമായി ചെയ്യേണ്ടി വരുന്ന പണി ഒഴിവാക്കാനാവാത്തതാണെ ബോധ്യപ്പെടുത്തേണ്ടതും അപ്രകാരം സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.'

മേൽ പ്രസ്താവിച്ച ചട്ടപ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാതെയാണ് പ്രസ്തുത പ്രോജക്ട് നിർവ്വഹിച്ചിട്ടുള്ളത്. ഇ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:13) മറുപടി ലഭ്യമാക്കിയിട്ടില്ല.സ്ഥല പരിശോധന പ്രാഥമിക പഠനവും നടത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ചെലവ് ഇ 244774/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-11 വനിത വിപണനകേന്ദ്രം- സെക്കന്റ് സ്റ്റേജ് നിർമ്മാണം- തുടർ പണികൾ നടത്തി പ്രയോജന പ്രദമാക്കണം.

ഗ്രാമ പഞ്ചായത്തിന്റെ കോമ്പൗണ്ടിൽ നിലവിലുള്ള വനിത വിപണന കേന്ദ്രത്തിന്റെ ഒന്നാം നിലയ 15ലക്ഷം രൂപ ചെലവിൽ (പ്രോജക്ട്നം:144/2014 വികസനഫണ്ട്- ലോകബാങ്ക്) 3000 ചതുരശ്ര അടിയിലധി വിസ്തൃതിയുള്ള ഹാൾ 2013-14ൽ നിർമ്മിച്ചിട്ടുണ്ട്. വനിത വിപണനകേന്ദ്രത്തിന്റെ കെട്ടിടത്തിൽ നിലവിൽ കോൺഫറ ഹാളും, അസിസ്റ്റന്റ് എൻജിനിയറുടെ ഓഫീസും, ടെക്സ്റ്റയിൽസ് വിപണന കേന്ദ്രവും പ്രവർത്തിച്ചു വരുന്നുണ്ട്. ത പണികൾ നിർവ്വഹിക്കാത്തതിനാൽ പുതുതായി നിർമ്മിച്ച ഹാൾ (ചിത്രം:2) ഇപ്പോൾ ഉപയോഗശൂന്യമാണ്.

(ചിത്രം:1) (ചിത്രം:2)

2014-15 സാമ്പത്തിക വർഷത്തിൽ ഈ ഹാൾ തുടർ പണികൾ നടത്തി ഉപയോഗപ്രദമാക്കുന്നതിന ഒരു പ്രോജക്ടും പഞ്ചായത്ത് നടപ്പാക്കിയിട്ടില്ല.ഈ വിഷയം എക്സിറ്റ് മീറ്റിംഗിൽ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പേ കെട്ടിടത്തെ മിനി കല്യാണമണ്ഡപമാക്കി മാറ്റുന്നതിനുള്ള പ്രോജക്ടുകൾ 2015-16ൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നാ അറിയുവാൻ കഴിഞ്ഞത്.മെച്ചപ്പെട്ട ഭൗതിക സാഹചര്യം ഉറപ്പാക്കിയും കാലതാമസം കടാതെയും തുടർ പണി പൂർത്തിയാക്കി ഹാൾ ഉപയോഗപ്രദമാക്കിയാൽ പൊതുജനങ്ങൾക്ക് ഉപകരിക്കുന്നതോടൊപ്പം ഗ്രാമപഞ്ചായത്തിന് തന വരുമാനവും ലഭ്യമാകും.ആയതിനാൽ ഈ വിഷയത്തിലേക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്ര ക്ഷണിക്കുന്നു.പ്രസ്തുത ഹാൾ നിഷ്ക്രിയ ആസ്തിയായി പരിണമിക്കാതിരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-12 ചെലവ് രേഖകൾ ലഭ്യമല്ല 28,66,392/-രൂപ തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്തിൽ 2013-14കാലയളവിൽ അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണം നടത്തിയ പ്ര വിവരിക്കുന്ന പ്രവൃത്തികളുടെ ചെലവ് രേഖകൾ ഫയലിനൊപ്പം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രവൃത്തി സംബന്ധിച്ച വിവരങ്ങൾ | ചെലവ് തുക |
|---|---|---|
| 01 | പ്രോജക്ട് നം: 89/14-വട്ടവിള പടിപ്പുര റോഡ് | 13,88,136 |
| 02 | പ്രോജക്ട് നം: 141/14-പാഞ്ചവിള-കരുമ്പൽ റോഡ് | 750000 |
| 03 | പ്രോജക്ട് നം: 164/14-കാളിവിളാകം കോളനി നടപ്പാത കോൺക്രീറ്റ് | 299526 |
| 04 | പ്രോജക്ട് നം: 174/14-കോൺഫറൻസ് ഹാൾ നവീകരണം | 428730 |
| | ആകെ | 28,66,392 |

ഓഡിറ്റ് എൻക്വയറി നം.13 പ്രകാരം ചെലവ് രേഖകൾ ആവശ്യപ്പെട്ടിട്ടും രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവ് ട 28,66,392/-രൂപ തടസ്സം ചെയ്യുന്നു.ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-13 ഗ്രാമസഭ

2013-14 സാമ്പത്തിക വർഷം കൂടിയ ഗ്രാമസഭകളുടെ മിനിറ്റ്സുകൾ പരിശോധിച്ചതിൽ, അപാകത കണ്ടെത്തി. ചില ഗുണഭോക്തൃ ലിസ്റ്റുകൾ ക്ലോസ്സ് ചെയ്യാതെ കോളങ്ങൾ ഒഴിച്ചിട്ടിരിക്കുന്നു (ഉദാ. 1,2,4,16 വാർഡുക 5-ാം വാർഡിൽ 12/08/2013-ൽ കൂടിയതായി പറഞ്ഞിട്ടുള്ള മിനിറ്റ്സ് ക്ലോസ്സ് ചെയ്തതിനാശേഷം ഭവന നിർമ്മാണ ഭവനപുനരുദ്ധാരണം, തരിശ്ശ്ഭൂമി കൃഷി എന്നിവയുള്ള ഗുണഭോക്തൃ ലിസ്റ്റുകൾ എഴുതിയിരിക്കുന്നു. വാർഡ് - -മിനിറ്റ്സ്ബുക്കിന്റെ 65,66 പേജുകളിലെ ഗുണഭോക്തൃ ലിസ്റ്റുകളിൽ തിരുത്തലുകൾ വരുത്തുകയും , ചിലപേര ഒഴിവാക്കുകയും ചെയ്തിരിക്കുന്നു. ഗ്രാമസഭാ മിനിറ്റ്സുകൾ എഴുതിയശേഷം തീയതിയുൾപ്പെടെ കയ്യൊപ്പ് രേഖപ്പെടുത്ത

കൺവീനർമാരും, കോ-ഓഡിനേറ്റർമാരും ശ്രദ്ധിക്കേണ്ടതാണ്. പൂർത്തിയാക്കിയ പദ്ധതികളെയും, ഗ്രാമപഞ്ചായത്തുകളി സ്ഥാപനങ്ങളെയും കുറിച്ചുള്ള അവലോകനങ്ങളോ, പദ്ധതി പുരോഗതി മോണിറ്ററിംഗോ ഗ്രാമസഭകളിൽ നടക്കുന്നതാ കാണുന്നില്ല.

ഗ്രാമസഭകൾ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയം ഭരണവകുപ്പ് 03/08/2004-ൽ പുറത്തിറക്ക 22675/എൽ- 3/99 നമ്പർ സർക്കുലറിലെ 20(vi)നമ്പർ ഖണ്ഡികയിൽ നടപ്പ് വാർഷിക പദ്ധതി നിർവ്വഹ ഗ്രാമപഞ്ചായത്തു കളിലെ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകനം, പദ്ധതി പുരോഗതി മോണിറ്ററിംഗ് എന്ന നടത്തണമെന്ന് നിർദ്ദേശമുണ്ട്. പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 3-ൽ നിർദ്ദേശിച്ചിട്ടുള്ള തരത്തിൽ ഗ്രാമസഭ സംഘടിപ്പിക്കാനും മിനിറ്റ്സ് ബുക്കുകളിൽ തിരുത്തലുകൾ ഒഴിവാക്കി സമയബന്ധിതമായി ക്ലോസ്സ് ചെയ്ത് സൂക്ഷിക്കാ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2013-14 | 365600 | വെങ്ങക്കുളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | 100000 | 265600 |
| ജില്ലാ പഞ്ചായത്ത് | 2013-14 | 664000 | - | - | 664000 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നത മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തു |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ലൈൻ എക്സ്റ്റൻഷൻ,വാർഡ് നം 15 | ലഭ്യമല്ല | 100000/- | 99983/- | 17 |
| കെ.എസ്.ഇ.ബി | ലൈൻ എക്സ്റ്റൻഷൻ | 1876511 | 100000/- | 99941/- | 59 |

| | | | | | |
|---|---|---|---|---|---|
| | മേലമ്മാകം വാർഡ് | | | | |
| വാട്ടർ അതോറിട്ടി | കാഞ്ഞിരം മുട്ട് കടവ്- പുലിവിള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 124870 | 100000/- | 100000/- | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വ ഇകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയ്യതി | വായ്പ ഇക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന ഇക | തൻവർഷം തിരിച്ചടച്ച ഇക | | വർഷാവ സാനം തിരിച്ചടയ്ക്കാ ബാക്കിയുള്ള ഇ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് | ലഭ്യമല്ല | 18000000 | 12600000 | 1800000 | - | 10800000 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച ഇക | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച ഇക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

## 4-6. ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ ഇക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2007-08 | 3.7 | 1348 | എം.ആർ.,സൈമൺ | 11301102186/04.10.2013 |

| | | | | |
|---|---|---|---|---|
| | | | വാർഡ് മെമ്പർ-16-ാം വാർഡ് | |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വ( പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശ( താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-4 | 2007-08 | 3.5.1 | ബി-ഫണ്ട് ചെലവ് അനുവദിച്ചതിൽ കൂടുതൽ തുക കർഷക തൊഴിലാളി പെൻഷന് വേണ്ടി ചെലവഴിച്ചു | റിപ്പോർട്ടിന്റെ പകർപ്പ് ഉൾപ്പെടെ നൽകിയ കത്തിന് നാളിതുവരെ മറുപട ലഭ്യമാക്കിയിട്ടില്ല. |
| 2006-07 | 3-5 | 2010-11 | 5.4.1(1) | ചട്ടങ്ങൾ പാലിക്കാതെ പൊതുമരാമത്ത് വർക്കുകൾ ടെണ്ടർ നൽകി. | റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| | | 2011-12 | 3.2.11 | റ്റി.എ.ജി.അംഗീകാരം നൽകിയതിനെക്കാൾ കൂടിയ നിരക്കിൽ തുക നൽകി. | സർചാർജ് നടപടികൾക്ക് ശുപാർശചെയ്യാതിരിക്കുന്നതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് 05-04-20 ൽ നല്കിയ കത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 15,18,32,247/-<br>(ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 15,01,35,876/-<br>(ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല. |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 54,995/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 32,48,368/- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 35000 | ശ്രീ.ബാലു, വി.ഇ.ഒ |
| 3-2 | | 12000 | ശ്രീ.ജിനു കുമാർ, വെറ്റിനറി സർജൻ |
| 3.9 | | 7995 | ശ്രീ.ജോസ് എച്ച് ജോൺസ്,<br>അസി .എൻജിനിയർ<br>ശ്രീ.സാം വിദ്യാനാഥ്<br>അസി .എക്സിക്യൂട്ടീവ് എൻജിനിയർ |
| | ആകെ | 54,995/- | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 25000 | ശ്രീ.ബാലു, വി.ഇ.ഒ. |
| 3-4 | 17202 | ശ്രീ.ടൈറ്റസ്.ഡി,സെക്രട്ടറി |
| 3-5 | 75,000 | ശ്രീ.ടൈറ്റസ്.ഡി,സെക്രട്ടറി |
| 3-6 | 20,000 | ശ്രീമതി.കുമാരി സുധ.ജി ,സെക്രട്ടറി |
| 3-10 | 2,44,774 | ശ്രീ.ജോസ് .എച്ച്.ജോൺസ്, അസി. എഞ്ചിനീയർ |

| | | |
|---|---|---|
| 3-12 | 28,66,392 | ശ്രീ.ജോസ് .എച്ച്.ജോൺസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 32,48,368 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജോസ് എച്ച് ജോൺസ്,<br>അസി .എൻജിനിയർ | -- | ജെ -2,ജ്യോതിനഗർ<br>കേശവദാസപുരം<br>തിരുവനന്തപുരം.4 |
| ശ്രീ.സാം വിദ്യാനാഥ്<br>അസി .എക്സിക്യൂട്ടിവ് എൻജിനിയർ | | ലക്ഷ്മി, എം.എം.ആർ.എ.-14.എ<br>മുക്കോല,നെട്ടയം |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1995-96 | എൽ.എഫ്.റ്റി.ഡി6(എ)22/98<br>തീയതി 12.03.2009 | 01 | |
| 1996-97 | എൽ.എഫ്.റ്റി.ഡി6(എ)582/98<br>തീയതി 08.10.1998 | 11 | |
| 1997-98 | എൽ.എഫ്.റ്റി.ഡി6(എ)1064/98<br>തീയതി 29.01.2001 | 02 | |
| 1998-99 | എൽ.എഫ്.റ്റി.ഡി.ജി.പി-1/744/03 തീയതി 06.10.2003 | ഇല്ല | |

| | | | |
|---|---|---|---|
| 1999-00 | എൽ.എഫ്.റ്റി.ഡി6(എ)248/02<br>തീയതി 10.12.2002 | 07 | |
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി-1/38/10<br>തീയതി 22.07.2010 | 01 | |
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി-1/637/05 തീയതി 22.08.2008 | 06 | |
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി-1/16/06<br>തീയതി 18.12.2008 | 04 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി-1/16/10<br>തീയതി 16.07.2008 | 20 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി-1/ 1772/07 തീയതി 18.08.2009 | 15 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി-1/ 1631/08 തീയതി 15.11.2010 | 06 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി-1/ 1641/08 തീയതി 23.07.2009 | 12 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി-1/ 1251/09 തീയതി 22.03.2010 | 14 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി-1/ 545/11 തീയതി 09.05.2012 | 12 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി-1/ 546/11 തീയതി 13.06.2012 | 10 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി-1/ 331/11<br>തീയതി 05.04.2013 | 09 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി-1/ 970/13 തീയതി 12.11.2013 | 09 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി-1/ 1820/13 തീയതി 12.03.2014 | 20 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി-1/ 1145/14 തീയതി 15.10.2014 | 26 | |

**(ഒപ്പ്)**

**ഡെപ്യൂട്ടി ഡയറ**

**കേരളാ സംസ്ഥാന ഓഡ**

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4)-1994ലെ കേരള പഞ്ചായത്ത് ര നിയമത്തിന്റെ 215-വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ അ ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2013- സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ 2.3 ഭാഗങ്ങളിലെ ഖണ്ഡികകളിൽ വിശദീകരിച്ചിട്ടുള്ളതു പോലെ 3248368/- രൂപയു തടസ്സം 54995/- രൂപയുടെ നിരാകരണം എന്നിവ ഒഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ പത്രിക ചെങ്ക ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തികവർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയ അവതരിപ്പിക്കുന്നു.ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും 2003ജൂൺ-ലെ നമ്പർ:319/2003/ധന, തിയതി:12.06.2003 ഉത്തരവും അനുസരിച്ചാണ്.

(ഒപ്പ്)

**ഡെപ്യൂട്ടി ഡയറ**

**കേരളാ സംസ്ഥാന ഓഡ**

## അനുബന്ധം

ന്യൂനതകളുടെ സംഗ്രഹം

ഇല്ല

(ഒപ്പ്)

**ഡെപ്യൂട്ടി ഡയറ**

**കേരളാ സംസ്ഥാന ഓഡ**